REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-06-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും.**
- **ഇന്ത്യ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയാണെന്നും ആഗോളതലത്തിൽ വിശ്വസനീമായ ശക്തിയായി രാജ്യം മാറിയെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണന്ന് ഉന്നതാധികാര സമിതി റിപ്പോർട്ട്.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **ഫിഫ ലോക കപ്പ് ഫുട്ബോളിൽ അർജന്റീനക്കും ഫ്രാൻസിനും ജയം. നോർവേ-സെനഗൽ മത്സരം പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. നടൻ മമ്മൂട്ടി, മോഹിനിയാട്ടം നർത്തകി കലാമണ്ഡലം വിമല മേനോൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ പി നാരായണൻ ഉൾപ്പെടെയുള്ളവർ പുരസ്ക്കാര ജേതാക്കളിൽ ഉണ്ട്. ഇതോടനുബന്ധിച്ച് പത്മ അവാർഡ് ജേതാക്കളുടെ ജീവിതത്തെയും സംഭാവനകളെയും കുറിച്ച് ആകാശവാണി

'പീപ്പിൾസ് പത്മ ഓൺ ആകാശവാണി' എന്ന പരമ്പരയുടെ ഭാഗമായി പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്യും.

രാവിലെ 9.10 മുതൽ ആകാശവാണി ഗോൾഡിൽ പരിപാടി കേൾക്കാം. ന്യൂസ് ഓൺ എയർ ആപ്പിലും ന്യൂസ് ഓൺ എയർ ഒഫീഷ്യൽ യൂട്യൂബ് ചാനലിലും ഇത് ലഭ്യമാകും.

✪✪✪

ഇന്ത്യ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയാണെന്നും ആഗോളതലത്തിൽ വിശ്വസനീമായ ശക്തിയായി രാജ്യം മാറിയെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. "രാഷ്ട്രം ആദ്യം" എന്ന തത്വമാണ് ഇന്ത്യയുടെ നേട്ടങ്ങൾക്ക് കഴിഞ്ഞ ദശകത്തിൽ വഴികാട്ടിയായതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. വരും നൂറ്റാണ്ടുകളിൽ രാജ്യത്തിന്റെ ഭാവിക്ക് അടിത്തറയായിരിക്കുന്നത് നിലവിലെ തീരുമാനങ്ങളും പ്രവർത്തനങ്ങളുമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

ഡെസ്ക്ക് റിപ്പോർട്ട്....

(വോയ്സ്............)

"രാഷ്ട്രം ആദ്യം" എന്ന തത്വത്തോട് ഇന്ത്യയുടെ അചഞ്ചലമായ പ്രതിബദ്ധത ജി 7 ഉച്ചകോടിയിൽ ആഗോള നേതാക്കളും ശരിവെച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രാഷ്ട്രത്തിന്റെ നിലവിലെ പ്രവർത്തനങ്ങൾ ആയിരം വർഷത്തേക്ക് ഭാവിയെ രൂപപ്പെടുത്തുന്നതാണ്. ഗവൺമെന്റിന്റെ 12 വർഷത്തെ സേവനത്തിൽ 45000 ഗ്രാമങ്ങളിലേക്ക് മൊബൈൽ കണക്ടിവിറ്റി വ്യാപിപ്പിച്ചു. ഏകദേശം 75,000 ബാങ്കിംഗ് കറസ്പോണ്ടന്റുകളും 6,000-ത്തിലധികം പോസ്റ്റ് ഓഫീസുകളും സ്ഥാപിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യയിൽ മാവോയിസ്റ്റ് ഭീകരത ഇപ്പോൾ അന്ത്യശ്വാസം വലിക്കുകയാണ്. ഭരണഘടനാ സംരക്ഷണത്തെക്കുറിച്ച് ഇപ്പോൾ സംസാരിക്കുന്നവർ അധികാരത്തിലിരുന്നപ്പോൾ നക്സൽ ബാധിത പ്രദേശങ്ങളിൽ ഭരണഘടനയുടെ പേര് ഉപയോഗിച്ചതിന് ആളുകളെ വെടിവച്ചു കൊലപ്പെടുത്തിയ സംഭവമുണ്ടായിരുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

സ്വച്ഛ് ഭാരത് അഭിയാൻ, മെയ്ക്ക് ഇൻ ഇന്ത്യ തുടങ്ങിയവ വിജയിക്കാൻ കാരണം ജനങ്ങൾ രാഷ്ട്രത്തിന് പ്രധാന്യം നൽകി അവരുടെ കടമ നിറവേറ്റിയതു കൊണ്ടാണ്. നിരാശാജനകമായ ഒരു കാലഘട്ടത്തിൽ നിന്ന് രാജ്യം ആത്മവിശ്വാസത്തിന്റെയും അവസരങ്ങളുടെയും കാലഘട്ടത്തിലേക്ക് മാറി. മധ്യവർഗത്തിന് അനുകൂലമായ സാമ്പത്തിക പരിഷ്കാരങ്ങളെക്കുറിച്ച്

പരാമർശിക്കവേ, നികുതി ഇളവ് നടപടികൾ നികുതി രഹിത വരുമാന പരിധി ഗണ്യമായി വർദ്ധിപ്പിക്കാനിടയാക്കിയതായും പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗുമായി ഇസ്രായേൽ പ്രതിരോധ മന്ത്രാലയം ഡയറക്ടർ ജനറൽ അമീർ ബറാം ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ- ഇസ്രായേൽ പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തത്തിന്റെ സമഗ്രമായ പരിധിയിൽ ഉൾപ്പെടുത്തി ഇരു രാജ്യങ്ങളും തമ്മിലെ പ്രതിരോധ സഹകരണം വിപുലീകരിക്കുന്നതിന് ഇസ്രായേൽ പ്രതിജ്ഞാബദ്ധമാണെന്ന് അമീർ ബറാം രാജ്നാഥ് സിംഗിനെ അറിയിച്ചു.

✪✪✪

രാജ്യത്ത് അവയവദാന പ്രതിജ്ഞ എടുത്തവരുടെ എണ്ണം അഞ്ച് ലക്ഷം പിന്നിട്ടു. അവയവ, കോശ ദാനമെന്ന ജീവൻ രക്ഷാ പ്രവർത്തനത്തോട് രാജ്യത്തെ പൗരന്മാരുടെ അവബോധവും കാരുണ്യവും പ്രതിബദ്ധതയുമാണ് ഇതിലൂടെ വ്യക്തമാക്കുന്നതെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു.

ഈ നേട്ടം കൈവരിക്കുന്നതിൽ സഹകരിച്ച എല്ലാ സംസ്ഥാന ഗവൺമെന്റുകളെയും കേന്ദ്രഭരണ പ്രദേശങ്ങളിലെ ഭരണകൂടങ്ങളെയും കേന്ദ്ര മന്ത്രാലയം അഭിനന്ദിച്ചു.

✪✪✪

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണന്ന് ഇതു സംബന്ധിച്ച് രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ പ്രാഥമിക റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ട് ഇന്നലെ മന്ത്രി K.മുരളീധരന് സമർപ്പിച്ചു.

ഇത് വിശദമായി പരിശോധിച്ച് അടിയന്തര പ്രാധാന്യത്തോടെ തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

ഡെങ്കിപ്പനിയുൾപ്പടെ പകർച്ചവ്യാധികൾ കൂടുതൽ വ്യാപകമാകാൻ സാദ്ധ്യത കണക്കിലെടുത്ത് അടുത്ത മൂന്ന് മാസം സംസ്ഥാനത്തുടനീളം കൊതുക് നശീകരണ, മാലിന്യ സംസ്കരണ, ശുചീകരണ തീവ്രയജ്ഞം നടത്തണമെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. പകർച്ചപ്പനി വ്യാപന പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പിലെയും മെഡിക്കൽ കോളജുകളിലെയും ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ അടിയന്തരമായി നികത്തണമെന്നും റിപ്പോർട്ടിലുണ്ട്.

കൂടുതൽ ചർച്ച നടത്തി വിവിധ ജില്ലകളിലെ ഹോട്ട്സ്പോട്ടുകൾ സന്ദർശിച്ച് സമിതി വിശദമായ റിപ്പോർട്ട് പിന്നീട് നൽകും.

✪✪✪

ആരോഗ്യവകുപ്പിലെ വിവിധ വിഭാഗങ്ങളിലെ ഒഴിവുകൾ അടിയന്തരമായി PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ മന്ത്രി കെ.മുരളീധരൻ നിർദ്ദേശം നൽകി. ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് വകുപ്പ് എന്നിവയുടെ കീഴിലെ എല്ലാ സ്ഥാപനങ്ങളിലെയും ഓഫീസുകളിലെയും റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ സംബന്ധിച്ച് അടിയന്തരമായി അവലോകനം നടത്തി നടപടി സ്വീകരിക്കണമെന്നാണ് മന്ത്രിയുടെ നിർദ്ദേശം.

ആരോഗ്യവകുപ്പിന് കീഴിൽ നിരവധി ഒഴിവുകളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യുന്നില്ലെന്ന് ചൂണ്ടിക്കാട്ടി റാങ്ക് ഹോൾഡേഴ്സ് നൽകിയ നിവേദനത്തെ തുടർന്നാണ് മന്ത്രിയുടെ അടിയന്തര ഇടപെടൽ.

✪✪✪

2027 ലെ ഹജ്ജ് തീർത്ഥാടനത്തിന് അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയതായി കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുടെ ഔദ്യോഗിക പോർട്ടൽ വഴിയും ഹജ്ജ് സുവിധ ആപ്പ് വഴിയും തീർത്ഥാടകർക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാമെന്ന് പുതിയ ഹജ്ജ് നയം പുറത്തിറക്കി കേന്ദ്ര മന്ത്രി കിരൺ റിജിജു വ്യക്തമാക്കി. അപേക്ഷാ നടപടികൾ കൂടുതൽ ലളിതവും സുതാര്യവും എല്ലാവർക്കും എളുപ്പത്തിൽ പ്രാപ്യമാകുന്നതുമായ രീതിയിലാണ് ക്രമീകരിച്ചിരിക്കു ന്നതെന്നും അദ്ദേഹം പറഞ്ഞു.

തീർത്ഥാടകരുടെ ആരോഗ്യ സുരക്ഷ മുൻനിർത്തി സൗദി അറേബ്യയുടെ മെഡിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് പുതിയ നയത്തിൽ മെഡിക്കൽ സ്ക്രീനിംഗ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ന്യൂനപക്ഷ കാര്യ മന്ത്രാലയം വ്യക്തമാക്കി. വിട്ടുമാറാത്ത കടുത്ത ആരോഗ്യപ്രശ്നങ്ങളുള്ള വ്യക്തികൾ തീർത്ഥാടനത്തിന് പോകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് പരിശോധനകൾ കൂടുതൽ കർശനമാക്കിയിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

അങ്കണവാടി ജീവനക്കാർ ഉൾപ്പടെ സ്കീം വർക്കേഴ്സ് വിവരശേഖരണത്തിന് ഉപയോഗിക്കുന്ന പോഷൻ ട്രാക്കർ ആപ്പ് പ്രവർത്തനരഹിതമായ മൊബൈൽ ഫോണുകൾക്ക് പകരം പുതിയ ടാബുകൾ നൽകുന്നത് പരിഗണനയിലാണെന്ന് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു.

ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും വിവരങ്ങൾ ശേഖരിച്ച ശേഷം പോഷകാഹാരം വിതരണം ചെയ്യുന്നതിന് രജിസ്ട്രേഷനാണ് പോഷൻ ആപ്പ് ഉപയോഗിക്കുന്നത്. ഫോണുകൾ തകരാറിൽ ആണെന്ന് വിവരം ശ്രദ്ധയിൽപെട്ടപ്പോൾ തന്നെ അടിയന്തര നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയതായും മന്ത്രി ബിന്ദു കൃഷ്ണ അറിയിച്ചു.

✪✪✪

കൊച്ചിയിലെ അങ്കണവാടിയിൽ മൂന്നര വയസുകാരി ലൈംഗികാതിക്രമത്തിന് ഇരയായ സംഭവത്തിൽ അങ്കണവാടി വർക്കറെ അടിയന്തരമായി സർവീസിൽ നിന്ന് നീക്കം ചെയ്യാൻ  മന്ത്രി ബിന്ദു കൃഷ്ണ നിർദേശം നൽകി. അങ്കണവാടി വർക്കർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് നടപടി.

വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ലഹരി ഉപയോഗത്തിൽ നിന്നും പുതുതലമുറയെ തിരിച്ചുവിടാൻ 'കൃഷിയാണ് ലഹരി, സിന്തറ്റിക് ലഹരിയല്ല ലഹരി" എന്ന പുതിയ മുദ്രാവാക്യവുമായി മുന്നോട്ട് പോകുമെന്ന് മന്ത്രി T സിദ്ദിഖ് പറഞ്ഞു.  തിരുവനന്തപുരം കല്ലിയൂരിൽ കർഷകസഭകളുടെയും ഞാറ്റുവേല ചന്തകളുടെയും സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കു കയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

✪✪✪

ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനം.

ദിനാചരണത്തോട് അനുബന്ധിച്ച്  ‘Cycling by the Sea’ പരിപാടിക്ക് അൽപ സമയത്തിനകം തിരുവനന്തപുരത്ത് തുടക്കമാകും. കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ഫ്ളാഗ് ഓഫ് ചെയ്യും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

..........വോയ്സ്.........

ഫിറ്റ് ഇന്ത്യാ മൂവ്മെന്റിന്റെ ഭാഗമായാണ് അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനമായ ഇന്ന് തിരുവനന്തപുരം ചാക്ക ഐടിഐ മുതൽ ശംഖുമുഖം ബീച്ച് വരെ സൈക്ലിങ് ബൈ ദി സീ പരിപാടി സംഘടിപ്പിക്കുന്നത്. കേന്ദ്ര കായിക യുവജനകാര്യ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ അൽപ സമയത്തിനകം (രാവിലെ 6.50-ന്) സൈക്ലിങ് പരിപാടി ഫ്ളാഗ് ഓഫ് ചെയ്യും. ഇന്നു വൈകിട്ട് നാലു മണി മുതൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ഏഷ്യൻ ഗെയിംസ് ഫൺ റൺ പരിപാടിയിലും മന്ത്രി പങ്കെടുക്കും.

✪✪✪

അന്താരാഷ്ട്ര ഒളിമ്പിക് ദിനാചരണത്തിന്റെ ഭാഗമായി 'ഏഷ്യൻ ഗെയിംസ് ഫൺ റൺ' ഇന്ന് തിരുവനന്തപുരത്ത് നടത്തും. ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യ , ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ, സംസ്ഥാന ഗവൺമെന്റ് എന്നിവയുമായി സഹകരിച്ച് കേരള ഒളിമ്പിക് അസോസിയേഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി VD സതീശൻ, കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ, എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും.

✪✪✪

ഫിഫ ലോക കപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് ജെ മത്സരത്തിൽ അർജന്റീനക്ക് ജയം. ഡാലസിൽ എതിരില്ലാത്ത രണ്ട് ഗോളിന് ഓസ്ട്രിയയെയാണ് അർജന്റീന പരാജയപ്പെടുത്തിയത്.

ഗ്രൂപ്പ് I-യിൽ പുലർച്ചെ ഫിലാഡൽഫിയയിൽ നടന്ന മത്സരത്തിൽ മറുപടിയില്ലാത്ത മൂന്ന് ഗോളിന് ഫ്രാൻസ് ഇറാഖിനെ പരാജയപ്പെടുത്തി.

ഗ്രൂപ്പ് I-യിൽ മറ്റൊരു മത്സരത്തിൽ ന്യൂയോർക്കിൽ നോർവേ-സെനഗലിനെ നേരിടുകയാണ്. ഗ്രൂപ്പ്-ജെയിൽ രാവിലെ എട്ടരക്ക് ജോർദാൻ- അൾജീരിയയെ നേരിടും.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ

.........വോയ്സ്................

✪✪✪

FIH പ്രോ ലീഗ് പുരുഷ ഹോക്കി ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്താനെ നേരിടും. ലണ്ടനിൽ വൈകിട്ട് ഏഴിനാണ് മത്സരം.

2024 ൽ ചൈനയിലെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി മത്സരത്തിനുശേഷം ഇന്ത്യയും പാകിസ്ഥാനും തമ്മിലെ ആദ്യ ഏറ്റുമുട്ടലാണിത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: ഫസ്ന ഫാത്തിമ*
*News Team: സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*